പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5025

30-06-14 – ൽ മറുപടിയ്ക്ക്

**തണൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായവർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്: | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച തണൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ എത്ര തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2012-13 വർഷത്തിൽ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളവരും, ബയോമെട്രിക് കാർഡിനായി വിവരശേഖരണം കഴിഞ്ഞവരുമായ 2,30,731 പേർ ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്. |
| ബി) ഈ പദ്ധതിയിലേക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതിയ്ക്കായി 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ച 31.706 കോടി രൂപയിൽ നിന്ന് 2,29,266 പേർക്കായി 30,95,09,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) സർക്കാർ ഇതുവരെ എത്ര തുക അനുവദിച്ചു; | സി) 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ 31.706 കോടി രൂപ തൊഴിൽ വകുപ്പിൽ നിന്ന് ഫിഷറീസ് വകുപ്പ് മുഖേന തണൽ പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ ആദ്യഗഡുവായി 18.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 11.5 കോടി രൂപ അവസാന ഗഡുവായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയത് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ഏർപ്പെടുത്തിയഎത്ര ബയോമെട്രിക് കാർഡുകളുടെ വിതരണം ഇനിയും ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) ബയോമെട്രിക് കാർഡിനായി 2,30,731 പേരുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഐ.ടി.ഐ. പാലക്കാട് നിന്ന് 1,31,681 പേരുടെ തിരിച്ചറിയൽ കാർഡ് ലഭിക്കുകയും നാളിതുവരെ 1,25,447 പേർക്ക് ബയോമെട്രിക് കാർഡ് വിതരണം ചെയ്തിട്ടുമുണ്ട്. ബാക്കിയുള്ള കാർഡ് വിതരണം ചെയ്തുവരുന്നു. ബാക്കിയുള്ളവ ഐ.ടി.ഐ. യിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |

Jeyasree

**സെക്ഷൻ ഓഫീസർ**